LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയത്തിന്റെ ഭാഗമായി 30 പുതിയ വില്ലേജുകൾ രൂപീകരിക്കുകയും ഇത് സംബന്ധിച്ചുള്ള വിജ്ഞാപനവും തിരുത്തൽ വിജ്ഞാപനവും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. നാട്ടിക നിയോജക മണ്ഡലത്തിലെ പാറളം പഞ്ചായത്തിലെ പള്ളിപ്പുറം പാറളം കോടന്നൂർ വില്ലേജുകൾ ഉൾക്കൊള്ളുന്ന പാറളം വില്ലേജ് ഓഫീസ് വിഭജിച്ച് കോടന്നൂർ വില്ലേജ് ഓഫീസ് രൂപീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## റവന്യൂ വകുപ്പിലെ സേവനാവകാശ നിയമം

192 (7161) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഏതെല്ലാം ആഫീസുകളിൽ സേവനാവകാശ നിയമം നടപ്പിലാക്കി ;

(ബി) സേവനാവകാശ നിയമവുമായി ബന്ധപ്പെട്ട ഫോറങ്ങൾ, രജിസ്റ്ററുകൾ എന്നിവ എല്ലാ റവന്യൂ ആഫീസുകളിലും എത്തിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത് ;

(സി) ഈ നിയമം ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) റവന്യൂ വകുപ്പിന് കീഴിലുള്ള ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വേ & ലാന്റ് റിക്കാർഡ്സ് വകുപ്പ് എന്നീ വകുപ്പുകൾ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) , ഫോറങ്ങൾ രജിസ്റ്ററുകൾ എന്നിവ എല്ലാ ആഫീസുകളിലും അടിയന്തരമായി എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) റവന്യൂ വകുപ്പിൽ സേവനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുകയും സേവനങ്ങൾ സമയബന്ധിതമായി നൽകി വരികയും ചെയ്യുന്നു. അപ്പീലുകൾവരുന്ന സാഹചര്യത്തിൽ അവ ത്വരിതഗതിയിൽ തീർപ്പാക്കിവരുന്നു.

## ഡെപ്യൂട്ടി കളക്ടർമാരുടെ നിയമനം

193 (7162) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1975 മുതൽ 2009 വരെയുള്ള കാലയളവിൽ കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ്, ജി.ഒ. (എം.എസ്.) 77/63/പി.ഡി. തീയതി 21-8-1963, ജി.ഒ. (പി) 540/80/ആർ.ഡി./തീയതി 6-5-1980